**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1976** **04.05.2017-ൽ മറുപടിയ്ക്ക്**

## സഹകരണ സംഘങ്ങളിൽ നിന്നും വായ്പയെടുക്കുന്നവർ റിസ്ക്ഫണ്ട് പദ്ധതിയിൽ അംഗം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ. എൻ. ഷംസുദ്ദീൻ** | | **ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)** |
| (എ) | സഹകരണ സംഘങ്ങളിൽ നിന്നും വായ്പയെടുക്കുന്നവരെ സഹകരണ റിസ്ക് ഫണ്ട് പദ്ധതിയിൽ അംഗമാക്കണമെന്ന എന്തെങ്കിലും നിർദ്ദേശം സഹകരണ സംഘങ്ങൾക്ക് നൽകിയിട്ടുണ്ടോ; | (എ) | വായ്പാ സഹകരണ സംഘങ്ങളിൽ നിന്നും വായ്പ എടുക്കുന്നവരെ റിസ്ക് ഫണ്ട് പദ്ധതിയിൽ അംഗമാക്കണമെന്ന് സഹകരണ സംഘം രജിസ്ട്രാർ നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | എങ്കിൽ ഇത് എല്ലാ സഹകരണ സംഘങ്ങളും പാലിക്കുന്നുണ്ടോയെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | ഇത് എല്ലാ സഹകരണ സംഘങ്ങളും പാലിക്കുന്നുണ്ടോയെന്ന കാര്യം പരിശോധിച്ചിട്ടുണ്ട്. സംസ്ഥാനത്തെ വായ്പാ സഹകരണ സംഘങ്ങളിൽ ബഹുഭൂരിഭാഗവും റിസ്ക് ഫണ്ട് പദ്ധതിയിൽ അംഗങ്ങളെ ചേർത്തുവരുന്നുണ്ട്. |
| (സി) | പ്രസ്തുത നിർദ്ദേശം പാലിക്കാത്ത സഹകരണ ബാങ്കുകൾക്കെതിരെ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ നടപടിക്ക് കർശന നിർദ്ദേശം നല്കുമോ? | (സി) | പ്രസ്തുത നിർദ്ദേശം പാലിക്കാത്ത സഹകരണ ബാങ്കുകൾക്കെതിരെ പ്രത്യേക നടപടികൾ സ്വീകരിച്ചിട്ടില്ല. റിസ്ക് ഫണ്ട് പദ്ധതിയിൽ അംഗങ്ങളെ ഉൾപ്പെടുത്തണമെന്ന് കർശനമായ നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ